കൈത്തറി തൊഴിലാളി സഹകരണസംഘങ്ങളെ ശക്തിപ്പെടുത്തൽ

* 44 [105] ശ്രീ. എൻ. കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന കൈത്തറി തൊഴിലാളി സഹകരണസംഘങ്ങളെ ശക്തിപ്പെടുത്തുവാൻ വല്ല നിർദ്ദേശവും കേരളാ സ്റ്റേറ്റ് കൈത്തറി സഹകരണസംഘം ഗവണ്മെൻറിന്റെ മുമ്പിൽ വച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവ എന്തെല്ലാമാണ്;

(സി) ഗവണ്മെൻറ് ഇതിൽ എന്തു നടപടികൾ സ്വീകരിച്ചു?

വ്യവസായമന്ത്രി (ശ്രീ. ടി. വി. തോമസ്):

(എ) ഇല്ല.

കൈത്തറി സഹകരണസംഘങ്ങളുടെ പ്രശ്നങ്ങളെപ്പറ്റി പഠിച്ച് റിപ്പോർട്ട് ചെയ്യാൻ കൈത്തറി ഉപദേശകബോർഡിന്റെ ഒരു സബ് കമ്മറ്റിയെ നിയോഗിച്ചിട്ടുണ്ട്.

(ബി) (സി) ചോദ്യം ഉദിക്കുന്നില്ല.

ചെറുകിട വ്യവസായങ്ങളെ പോഷിപ്പിക്കുവാൻ വായ്പ നൽകുന്നതിനുള്ള പദ്ധതി

* 45 [107] ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യവസായങ്ങളെ പോഷിപ്പിക്കുവാൻ ചെറിയ പലിശനിരക്കിൽ വായ്പ നൽകുന്നതിനുള്ള പദ്ധതി ഗവണ്മെൻറിന്റെ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്രനാളിനകം ഈ പദ്ധതി നടപ്പിൽവരുത്തുമെന്നറിയിക്കുമോ?

വ്യവസായമന്ത്രി (ശ്രീ. ടി. വി. തോമസ്):

(എ) ചെറുകിട വ്യവസായങ്ങളെ പോഷിപ്പിക്കുവാൻ ചെറിയ പലിശനിരക്കിൽ വായ്പ നൽകുന്നതിനു പദ്ധതികൾ നിലവിലുണ്ട്. പുതിയ പദ്ധതികൾ ഒന്നും പരിഗണനയിലില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

കയർ, കശുവണ്ടി, കൈത്തറി എന്നീ വ്യവസായങ്ങളുടെ പുരോഗതി

* 46 [108] ശ്രീ. വി. ശ്രീധരൻ

,, പി. കെ. രാഘവൻ

,, പി. ജി. പുരുഷോത്തമൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ കയർ, കശുവണ്ടി, കൈത്തറി എന്നീ വ്യവസായങ്ങളുടെ പുരോഗതിക്കുവേണ്ടി സംസ്ഥാനഗവണ്മെൻറ് നാളിതുവരെ എടുത്തിട്ടുള്ള നടപടികൾ ഏവ;

LIBRARY ARCHIVES Kerala Legislative Assembly